LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഉണ്ട്. എന്നാൽ 2014-15-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പദ്ധതി വിഹിതം അനുവദിക്കുന്നതിൽ വന്ന കാലതാമസം നിമിത്തം 6-5-2014 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 85/14/കാ.യു.വ സർക്കാർ ഉത്തരവ് പ്രകാരം 2014 മേയിൽ ദുബായിൽവച്ച് നടന്ന അന്തർദേശീയ ബധിര ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കെടുക്കുന്നതിന് ശ്രീ. എസ്. പ്രദീപിന് ഒരു പ്രത്യേക കേസെന്ന നിലയിൽ പ്രഖ്യാപിച്ച 50,000 രൂപയുടെ സാമ്പത്തികസഹായവും 8-6-2014 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 109/14/കാ.യു.വ ഉത്തരവ് പ്രകാരം അന്തർദേശീയ പഞ്ചഗുസ്തി താരമായ ശ്രീ. എ. യു. ഷാജുവിന് നേട്ടങ്ങൾക്കുള്ള പ്രോത്സാഹനമായി നൽകുന്നതിന് ഉത്തരവായ 3,00,000 രൂപയുടെ സമ്മാനതുകയും വിതരണം ചെയ്തിട്ടില്ല.

ടോം ജോസഫിന് അർജുന അവാർഡ്

226 (7789) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളീയനും പ്രശസ്ത ഇന്ത്യൻ വോളിബോൾ താരവുമായ ശ്രീ. ടോം ജോസഫിന് അർജുന അവാർഡ് ലഭിക്കാതെവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ശ്രീ. ടോം ജോസഫിന് അർജുന അവാർഡ് ഉൾപ്പെടെ അർഹതയുള്ള അംഗീകാരങ്ങൾ ലഭിക്കുന്നതിന് ശിപാർശ ചെയ്യുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. അർജ്ജുന അവാർഡിനുള്ള ശ്രീ. ടോം ജോസഫിന്റെ അപേക്ഷ ശുപാർശ സഹിതം ഈ വർഷവും കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്.

ജിംനാസ്റ്റിക് താരങ്ങൾക്ക് സ്പോർട്സ് കോട്ട പ്രവേശനം

227 (7790) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ നടപടിമൂലം ജിംനാസ്റ്റിക് താരങ്ങൾക്ക് പ്ലസ് വൺ, ഡിഗ്രി പ്രവേശനത്തിന് ഗ്രേസ് മാർക്കും സ്പോർട്സ് കോട്ട പ്രവേശനവും നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ :

(ബി) 1985 മുതൽ പ്രവർത്തിച്ചുവരുന്നതായ സ്റ്റേറ്റ് ജിംനാസ്റ്റിക് അസോസിയേഷൻ സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ നടത്തി അതിൽ വിജയിച്ച കുട്ടികൾക്ക് സ്പോർട്സ് കോട്ട ആനുകൂല്യം നൽകുന്ന ആവശ്യവുമായി സ്പോർട്സ് കൗൺസിലിനെ സമീപിച്ചിരുന്നുവോ ; സ്പോർട്സ് കൗൺസിൽ എടുത്ത നിലപാട് വെളിപ്പെടുത്തുമോ ;